**മധുരമായ കുട്ടികളേ - നിങ്ങൾക്ക് ഇപ്പോൾ അല്ലാഹുവിനെ ലഭിച്ചിരിക്കുന്നു അതിനാൽ നേരെയാകൂ അർത്ഥം സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ, ദേഹമെന്ന് മനസ്സിലാക്കുന്നതുതന്നെ തലതിരിഞ്ഞവരാകലാണ്.**

**ചോദ്യം:–** ഏതൊരു കാര്യത്തെ മനസ്സിലാക്കുന്നവർക്കാണ് പരിധിയില്ലാത്ത വൈരാഗ്യമുള്ളവരാകാൻ സാധിക്കുന്നത്?

**ഉത്തരം:–** പഴയലോകം ഇപ്പോൾ പ്രതീക്ഷയറ്റതാണ്, ശ്മശാനമായി മാറാനുള്ളതാണ്, ഈ കാര്യം മന സ്സിലാക്കിയാൽ പരിധിയില്ലാത്ത വൈരാഗിയാവാൻ സാധിക്കും. നിങ്ങൾക്ക് അറിയാം ഇപ്പോൾ പുതിയ ലോകത്തിന്റെ സ്ഥാപനയുണ്ടാവുകയാണ്. ഈ രുദ്രജ്ഞാനയജ്ഞത്തിൽ മുഴുവൻ പഴയലോകവും ബലി യാകണം. ഈ ഒരു കാര്യം തന്നെ നിങ്ങളെ പരിധിയില്ലാത്ത വൈരാഗിയാക്കി മാറ്റും. നിങ്ങളുടെ മനസ്സ് ഈ ശ്മശാനത്തിൽ നിന്നും എടുത്തുകഴിഞ്ഞു.

**ഓം ശാന്തി**. ഡബിൾ ഓംശാന്തി പറയുകയാണ് എന്തുകൊണ്ടെന്നാൽ രണ്ട് ആത്മാക്കളുണ്ട്. രണ്ട് ആത്മാക്കളുടേയും സ്വധർമ്മം ശാന്തിയാണ്. അച്ഛന്റേയും സ്വധർമ്മം ശാന്തിയാണ്. കുട്ടികൾ അവിടെ ശാന്തമായാണ് ഇരിക്കുന്നത്, അതിനെ വിളിക്കുന്നതും ശാന്തിധാമം എന്നാണ് . അച്ഛനും അവിടെയാണ് ഇരിക്കുന്നത്. ബാബ സദാ പാവനമാണ്. ബാക്കി ഏതെല്ലാം മനുഷ്യാത്മാക്കളുണ്ടോ അവരെല്ലാം പുനർജന്മം എടുത്ത് അപവിത്രമായി മാറുന്നു. അച്ഛൻ കുട്ടികളോട് പറയുന്നു– കുട്ടികളേ, സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ. ആത്മാവിന് അറിയാം പരമപിതാ പരമാത്മാവ് ജ്ഞാനത്തിന്റെ സാഗരമാണ്, ശാന്തിയുടെ സാഗരമാണ്, ബാബയുടെ മഹിമയാണല്ലോ. ബാബ സർവ്വരുടേയും അച്ഛനുമാണ് സർവ്വരുടേയും സദ്ഗതി ദാതാവുമാണ്. അതിനാൽ എല്ലാവരുടെയും അച്ഛന്റെ സമ്പത്തിനുമേൽ എല്ലാവർക്കും തീർച്ചയായും അവകാശമുണ്ട്. അച്ഛനിൽ നിന്ന് എന്ത് സമ്പത്താണ് ലഭിക്കുന്നത്? കുട്ടികൾക്ക് അറിയാം അച്ഛനാണ് സ്വർഗ്ഗത്തിന്റെ രചയിതാവ് അതിനാൽ സ്വർഗ്ഗത്തിന്റെ സമ്പത്തായിരിക്കും നൽകുന്നത് മാത്രമല്ല അതു നൽകുന്നത് നരകത്തിൽ വെച്ചായിരിക്കും. നരകത്തിന്റെ സമ്പത്ത് നൽകിയത് രാവണനാണ്. ഈ സമ യത്ത് എല്ലാവരും നരകവാസിയല്ലേ. അതിനാൽ തീർച്ചയായും രാവണനിൽ നിന്നും സമ്പത്ത് ലഭിച്ചിട്ടു ണ്ട്. നരകവും സ്വർഗ്ഗവും രണ്ടുമുണ്ട്. ഇത് ആരാണ് കേൾക്കുന്നത്? ആത്മാവ്. അജ്ഞാനകാലത്തിലും എല്ലാം ചെയ്യുന്നത് ആത്മാവാണ്, പക്ഷേ ദേഹാഭിമാനം കാരണം ചിന്തിക്കുന്നു– എല്ലാം ശരീരമാണ് ചെയ്യുന്നതെന്ന്. നമ്മുടെ സ്വധർമ്മം ശാന്തിയാണ്. ഇത് മറന്നുപോകുന്നു. നമ്മൾ ശാന്തിധാമത്തിൽ വസി ക്കുന്നവരാണ്. ഇതും മനസ്സിലാക്കണം സത്യഖണ്ഢം തന്നെയാണ് അസത്യഖണ്ഢമായി മാറുന്നത്. ഭാരതം സത്യഖണ്ഢമായിരുന്നു പിന്നീട് രാവണരാജ്യമായ അസത്യഖണ്ഢമായും മാറുന്നു. ഇത് സാധാ രണമായ കാര്യമാണ്. മനുഷ്യന് എന്തുകൊണ്ട് മനസ്സിലാക്കാൻ കഴിയുന്നില്ല! എന്തുകൊണ്ടെന്നാൽ ആത്മാവ് തമോപ്രധാനമായിരിക്കുന്നു, ഇതിനെയാണ് കല്ലുബുദ്ധി എന്നു പറയുന്നത്. ആരാണോ ഭാരതത്തെ സ്വർഗ്ഗ മാക്കി മാറ്റിയത്, പൂജ്യമാക്കി മാറ്റിയത് അവരെത്തന്നെ പിന്നീട് പൂജാരിയായി മാറി നിന്ദിക്കുന്നു. ഇത് ആരുടേയും ദോഷമല്ല. അച്ഛൻ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു ഈ ഡ്രാമ എങ്ങനെയാണ് ഉണ്ടാക്കി യിരിക്കുന്നതെന്ന്. എങ്ങനെ പൂജ്യനിൽ നിന്നും പൂജാരിയായി മാറി. അച്ഛൻ മനസ്സിലാക്കിത്തരുകയാണ് 5000 വർഷങ്ങൾക്കുമുമ്പ് ഭാരതത്തിൽ ആദി സനാതന ദേവീദേവതാ ധർമ്മമുണ്ടായിരുന്നു, ഇന്നലത്തെ കാര്യമാണ്. പക്ഷേ മനുഷ്യർ എല്ലാം മറന്നിരിക്കുന്നു. ഈ ശാസ്ത്രങ്ങളെല്ലാം ഭക്തിയ്ക്കുവേണ്ടി ഇരുന്ന് ഉണ്ടാക്കിയതാണ്. ശാസ്ത്രം ഭക്തിമാർഗ്ഗത്തിനുവേണ്ടിയുള്ളതാണ്, ജ്ഞാനമാർഗ്ഗത്തിനുവേണ്ടിയുള്ളത ല്ല. ജ്ഞാനമാർഗ്ഗത്തിന്റെ ശാസ്ത്രം ഉണ്ടാകുന്നേയില്ല. അച്ഛൻ തന്നെയാണ് വന്ന് കല്പ കല്പം കുട്ടി കൾക്ക് ദേവതാ പദവിയ്ക്കുവേണ്ടി ജ്ഞാനം നൽകുന്നത്. അച്ഛൻ പഠിപ്പ് പഠിപ്പിക്കുന്നു പിന്നീട് ഇത് പ്രായലോപമായിപ്പോകുന്നു. സത്യയുഗത്തിൽ ഒരു ശാസ്ത്രവും ഉണ്ടാകുന്നില്ല എന്തെന്നാൽ അത് ജ്ഞാന മാർഗ്ഗത്തിന്റെ പ്രാലബ്ധമാണ്. 21 ജന്മത്തേയ്ക്കായി പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു, പിന്നീട് അല്പകാലത്തിലേയ്ക്കായി രാവണന്റെ സമ്പത്ത് ലഭിക്കുന്നു. ഇതിനെ യാണ് സന്യാസിമാർ കാകവിഷ്ടത്തിനുസമാനമായ സുഖം എന്നു പറയുന്നത്. ദുഃഖം തന്നെ ദുഃഖമാണ്, പേരുതന്നെ ദുഃഖധാമം എന്നാണ്. കലിയുഗത്തിനു മുമ്പ് ദ്വാപരയുഗമാണ് അതിനെ സെമി ദുഃഖധാമം എന്നാണ് വിളിക്കുന്നത്. ഇതാണ് ഫൈനൽ ദുഃഖധാമം. ആത്മാവുതന്നെയാണ് 84 ജന്മങ്ങൾ എടുത്ത് താഴേയ്ക്ക് ഇറങ്ങുന്നത്. അച്ഛൻ ഏണിപ്പടി കയറ്റുന്നു എന്തെന്നാൽ ചക്രത്തിന് തീർച്ചയായും കറങ്ങണം. പുതിയ ലോകമുണ്ടായിരുന്നു, ദേവീ ദേവതകളുടെ രാജ്യമായിരുന്നു. ദുഃഖത്തിന്റെ പേരോ അടയാളമോ ഉണ്ടായിരുന്നില്ല അതിനാലാണ് സിംഹവും ആടും ഒരുമിച്ച് വെള്ളം കുടിച്ചതായി കാണിക്കുന്നത്. അവിടെ

ഹിംസയുടെ ഒരു കാര്യവുമില്ല. അഹിംസ പരമധർമ്മമായ ദേവീദേവതാ ധർമ്മം എന്നാണ് പറയുന്നത്. ഇവിടെയാണ് ഹിംസ. ആദ്യത്തെ ഹിംസയാണ് കാമകഠാരി ഉപയോഗിക്കുക. സത്യയുഗത്തിൽ വികാരികളായി ആരുമുണ്ടാകില്ല. അവരുടെ മഹിമയാണ് പാടുന്നത്. ലക്ഷ്മീ നാരായണന്മാരുടെ മഹിമ പാടാറുണ്ടല്ലോ– അങ്ങ് സമ്പൂർണ്ണ നിർവ്വികാരിയാണ്......... ഈ കലിയുഗം ഇരുമ്പുയുഗത്തിന്റെ ലോകമാണ്. ഇതിനെ സ്വർണ്ണിമയുഗം എന്ന് പറയാൻ സാധിക്കില്ല. ഡ്രാമതന്നെ ഇങ്ങനെയാണ് ഉണ്ടാക്കിയിരിക്കുന്നത്. സത്യയുഗമാണ് ശിവാലയം. അവിടെ എല്ലാവരും പാവനമാണ്, അവരുടെ ചിത്രവുമുണ്ട്. ശിവാലയം നിർമ്മിക്കുന്ന ശിവന്റേയും ചിത്രമുണ്ട്. ഭക്തിമാർഗ്ഗത്തിൽ ബാബയ്ക്ക് അനേകം പേരുകൾ നൽകിയിട്ടുണ്ട്. വാസ്തവത്തിൽ ഒരേ ഒരു പേരേയുള്ളു. അച്ഛന് തന്റേതായി ശരീരവുമില്ല. സ്വയം പറയുന്നു എനിക്ക് എന്റെ പരിചയം നൽകുന്നതിനും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നതിനുമായി വരേണ്ടി വരുന്നു. എനിക്ക് വന്ന് നിങ്ങളുടെ സേവനം ചെയ്യണം. നിങ്ങൾതന്നെയാണ് എന്നെ വിളിച്ചത് പതിതപാവനാ വരൂ എന്നുപറഞ്ഞ്. സത്യയുഗത്തിൽ വിളിക്കുന്നില്ല. ഈ സമയത്ത് എല്ലാവരും വിളിക്കുന്നുണ്ട് എന്തെന്നാൽ വിനാശം തൊട്ടുമുന്നിലുണ്ട്. ഭാരതവാസികൾക്ക് അറിയാം ഇത് അതേ മഹാഭാരത യുദ്ധമാണ്. പിന്നീട് ആദി സനാതന ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപനയുണ്ടാകും. അച്ഛനും പറയുന്നു ഞാൻ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റാൻ വന്നിരിക്കുകയാണ്. ഇന്നുകാലത്ത് മഹാരാജാവ്, ചക്രവർത്തീ എന്നിങ്ങനെയില്ലല്ലോ. ഇപ്പോഴാണെങ്കിൽ പ്രജകൾ പ്രജകളെ ഭരിക്കുകയാണ്. കുട്ടികൾക്ക് അറിയാം ഈ ഭാരതവാസികൾ ധനവാനായിരുന്നു. വജ്രവും വൈഡൂര്യങ്ങളും കൊണ്ടുള്ള കൊട്ടാരങ്ങളിലായിരുന്നു. പുതിയ ലോകമായിരുന്നു പിന്നീട് പുതിയത് തന്നെയാണ് പഴയതായി മാറുന്നത്. എല്ലാ വസ്തുവും പഴയതാവുമല്ലോ. എങ്ങനെയാണോ പുതിയ കെട്ടിടം നിർമ്മിക്കുന്നത് പിന്നീട് അവസാനമാകുമ്പോൾ ആയുസ്സ് കുറയും. പറയും ഇത് പുതിയതാണ്, ഇത് പകുതി പഴയതാണ്, ഇത് മദ്ധ്യമമാണ്. ഓരോ വസ്തുവും സതോ, രജോ, തമോ ആവുന്നുണ്ട്. ഭഗവാന്റെ വാക്കുകളല്ലേ. ഭഗവാൻ അർത്ഥം ഭഗവാൻ. ഭഗവാൻ എന്ന് ആരെയാണ് പറയുന്നത്, ഇതും അറിയുന്നില്ല. രാജാവും റാണിയും ഇല്ല. ഇവിടെ പ്രസിഡന്റും, പ്രൈം മിനിസ്റ്ററും പിന്നെ അനേകം മിനിസ്റ്റേഴ്സും...... സത്യയുഗത്തിൽ എങ്ങനെയാണോ രാജാവ് അതുപോലെയായിരിക്കും പ്രജകൾ...........വ്യത്യാസം അച്ഛൻ പറഞ്ഞുതന്നിട്ടുണ്ട്. സത്യയുഗത്തിലെ അധികാരികൾക്ക് മന്ത്രിമാരും ഉപദേശികളുമൊന്നും ഉണ്ടാകില്ല. ആവശ്യമില്ല. ഈ സമയത്താണ് ശിവബാബയിൽ നിന്നും ശക്തി പ്രാപ്തമാക്കി ആ പദവി നേടുന്നത്. ഈ സമയത്ത് അച്ഛനിൽ നിന്നും ഉയർന്ന നിർദേശം ലഭിക്കുകയാണ്, ഇതിലൂടെയാണ് ഉയർന്ന പദവി നേടുന്നത്. പിന്നീട് ആരിൽ നിന്നും നിർദേശം എടുക്കേണ്ട ആവശ്യമില്ല. അവിടെ മന്ത്രിമാരുണ്ടാകില്ല. എപ്പോഴാണോ വാമമാർഗ്ഗത്തിലേയ്ക്ക് പോകുന്നത് അപ്പോഴാണ് മന്ത്രിമാരുണ്ടാകുന്നത്. ബുദ്ധി കുറഞ്ഞുപോകുന്നു.

പ്രധാനകാര്യം വികാരത്തിന്റേതാണ്. ദേഹാഭിമാനത്തിൽ നിന്നാണ് വികാരം ജനിക്കുന്നത്. അതിലും കാമമാണ് നമ്പർ വൺ. അച്ഛൻ പറയുന്നു ഈ കാമം മഹാശത്രുവാണ്, അതിനുമേൽ വിജയം നേടണം. അച്ഛൻ അനേകം തവണ മനസ്സിലാക്കിത്തന്നിട്ടുണ്ട് സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ. നല്ലതും മോശവുമായ സംസ്ക്കാരം ആത്മാവിലാണ് ഉണ്ടാകുന്നത്. ഇവിടെ കർമ്മത്തിന്റെ പേരിൽ പശ്ചാത്തപിക്കേണ്ടി വരുന്നു, സത്യയുഗത്തിൽ ഇങ്ങനെ സംഭവിക്കില്ല. അതാണ് സുഖധാമം. അച്ഛൻ വന്ന് നിങ്ങളെ സുഖധാമം, ശാന്തിധാമത്തിലെ വാസിയാക്കി മാറ്റുകയാണ്. അച്ഛൻ നേരിട്ട് ആത്മാക്കളോട് സംസാരിക്കുകയാണ്. എല്ലാവരോടും പറയുന്നു ആത്മാവാണെന്ന് ബുദ്ധിയിൽ നിശ്ചയം ചെയ്തിട്ടിരിക്കൂ, ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. ഈ ദേഹം വിനാശിയാണ്, നിങ്ങൾ അവിനാശിയായ ആത്മാവാണ്. ഈ ജ്ഞാനം മറ്റാരിലുമില്ല. ജ്ഞാനത്തെ അറിയാത്തതിനാൽ ഭക്തിയെത്തന്നെ ജ്ഞാനം എന്ന് കരുതി. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കി ഭക്തി വേറെയാണ്, ജ്ഞാനത്തിലൂടെ സദ്ഗതി ഉണ്ടാകും. ഭക്തിയുടെ സുഖം അല്പകാലത്തിലേയ്ക്കാണ് എന്തുകൊണ്ടെന്നാൽ പാപാത്മാവായിത്തീരുന്നു, വികാരത്തിലേയ്ക്ക് പോകുന്നു. അരകല്പത്തിലേയ്ക്ക് പരിധിയില്ലാത്ത സമ്പത്ത് ലഭിച്ചു, അത് പൂർത്തിയായി. ഇപ്പോൾ വീണ്ടും അച്ഛൻ സമ്പത്ത് നൽകാൻ വന്നിരിക്കുകയാണ്, ഇതിലൂടെ പവിത്രത, സുഖം, ശാന്തി എല്ലാം ലഭിക്കുന്നു. കുട്ടികളേ, നിങ്ങൾക്ക് അറിയാം ഈ പഴയലോകം ശ്മശാനമാകേണ്ടതാണ്. ഇപ്പോൾ ഈ ശ്മശാനത്തിൽ നിന്നും മനസ്സിനെ മാറ്റി പരിസ്ഥാനായ പുതിയ ലോകത്തോട് മമത്വം വെയ്ക്കൂ. എങ്ങനെയാണോ ലൗകിക പിതാവ് പുതിയ വീടുണ്ടാക്കുമ്പോൾ ബുദ്ധിയോഗം പഴയവീട്ടിൽ നിന്നും മാറി പുതിയ വീടിനോടാകുന്നത് അതുപോലെ. ഓഫിസിലിരിക്കുകയാണെങ്കിൽ പോലും ബുദ്ധി പുതിയ വീട്ടിലായിരിക്കും. ഇത് പരിധിയുള്ള കാര്യമാണ്. പരിധിയില്ലാത്ത അച്ഛനാണെങ്കിൽ പുതിയ ലോകം സ്വർഗ്ഗം രചിക്കുകയാണ്. പറയുന്നു ഇപ്പോൾ പഴയ ലോകത്തിൽ നിന്നും സംബന്ധം വേർപെടുത്തി അച്ഛനായ എന്നിൽ യോചിപ്പിക്കൂ. നിങ്ങൾക്കുവേണ്ടി പുതിയ ലോകമായ സ്വർഗ്ഗം സ്ഥാപിക്കാൻ വന്നിരിക്കുകയാണ്. ഇപ്പോൾ ഈ മുഴുവൻ പഴയ ലോകവും ഈ രുദ്രജ്ഞാനയജ്ഞത്തിൽ ബലിയാകണം. ഈ മുഴുവൻ വൃക്ഷവും തമോപ്രധാ

നവും ജീർണ്ണിച്ച അവസ്ഥയിലും എത്തിയിരിക്കുന്നു. ഇപ്പോൾ വീണ്ടും പുതിയത് ഉണ്ടാവുകയാണ്. അതിനാൽ അച്ഛൻ പറഞ്ഞുതരുകയാണ് ഇതാണ് പുതിയ ലോകത്തിലെ കാര്യങ്ങൾ. എങ്ങനെയാണോ ആളുകൾക്ക് അസുഖം വരുമ്പോൾ പ്രതീക്ഷയ്ക്ക് വകയില്ലാതാവുന്നത്. ഇവർ രക്ഷപ്പെടുന്നത് ബുദ്ധിമുട്ടാണ് എന്ന് മനസ്സിലാക്കും. അതുപോലെ ഇപ്പോൾ ലോകവും പ്രതീക്ഷയ്ക്ക് വകയില്ലാത്തതാണ്. ശ്മശാനമായി മാറണം അതിനാൽ ഇതിൽ മനസ്സ് വെയ്ക്കുന്നത് എന്തിനാണ്. ഇതാണ് പരിധിയില്ലാത്ത സന്യാസം. ഹഠയോഗികളായ സന്യാസികൾ കേവലം വീട് ഉപേക്ഷിച്ച് പോകുന്നു. നിങ്ങൾ പൂർണ്ണമായി പഴയലോകത്തെത്തന്നെ സന്യാസം ചെയ്യുന്നു. പഴയലോകത്തിൽ നിന്നും പുതിയ ലോകമായി മാറുന്നു.

അച്ഛൻ പറയുന്നു ഞാൻ അനുസരണയുള്ള സേവകനാണ്. ഞാൻ കുട്ടികളുടെ സേവനത്തിനായി വന്നിരിക്കുകയാണ്. എന്നെ വിളിച്ചിരുന്നു– ബാബാ ഞങ്ങൾ പതിതമായിരിക്കുന്നു, അങ്ങ് പതിത ലോകത്തിൽ പതിത ശരീരത്തിലേയ്ക്ക് വരൂ. നോക്കൂ സ്വാഗതം ചെയ്യുന്നത് എങ്ങനെയാണെന്ന്! പതിതമാക്കി മാറ്റുന്നത് രാവണനാണ്, അതിനാൽ രാവണനെ കത്തിക്കുന്നു. രാവണൻ വളരെ കടുത്ത ശത്രുവാണ്. രാവണൻ വന്നതുമുതൽ നിങ്ങൾക്ക് ആദി മദ്ധ്യ അന്ത്യം ദുഃഖമാണ്. വിഷയസാഗരത്തിൽ വീണുകൊണ്ടിരിക്കുന്നു. ഇപ്പോൾ അച്ഛൻ പറയുന്നു വിഷത്തെ ഉപേക്ഷിച്ച് അമൃത് കുടിക്കൂ. അരകല്പം രാവണരാജ്യത്തിൽ വികാരങ്ങളാൽ നിങ്ങൾ എത്ര ദുഃഖിയായിമാറി. ഇത്രയും സ്വാർത്ഥരായി മാറിയിരിക്കുന്നു ഇരുന്ന് നിന്ദ ചെയ്തുകൊണ്ടിരിക്കുകയാണ്. അതും ഗ്ലാനിചെയ്യുന്നത് ആരെയാണ്– നിങ്ങളെ പാവനമായ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റിയത് ആരാണോ അവരെയാണ് ഏറ്റവും കൂടുതൽ ഗ്ലാനി ചെയ്യുന്നത്– അത്ഭുതമല്ലേ. മനുഷ്യരെക്കുറിച്ച് പറയുന്നു 84 ലക്ഷം യോനികളെന്ന് പിന്നീട് എന്നെക്കുറിച്ച് പറയുന്നു സർവ്വവ്യാപിയെന്ന്. ഇതും ഡ്രാമയാണ്. നിങ്ങൾക്ക് ചിരിയോടെ മനസ്സിലാക്കിത്തരുന്നു. നല്ലതോ മോശമായതോ ആയ സ്വഭാവ–സംസ്ക്കാരം ആത്മാവിലാണുണ്ടാകുന്നത്. ആത്മാവ് പറയുന്നു ഞാൻ 84 ജന്മങ്ങൾ എടുക്കുന്നു. ആത്മാവുതന്നെയാണ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നത്. ഇതും അച്ഛനാണ് ഇപ്പോൾ മനസ്സിലാക്കിത്തന്നത്. ഡ്രാമാപ്ലാൻ അനുസരിച്ച് വീണ്ടും ബാബതന്നെയാണ് വന്ന് തലതിരിഞ്ഞവരെ നേരെയാക്കുന്നത്. മധുര മധുരമായ കുട്ടികളോട് അച്ഛൻ പറയുന്നു ഇവിടെ നിങ്ങൾ തലതിരിഞ്ഞവരായി ഇരിക്കരുത്. സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ. ഇപ്പോൾ നിങ്ങൾക്ക് നമ്മെ നേരെയാക്കുന്ന അല്ലാഹുവായ അച്ഛനെ ലഭിച്ചുകഴിഞ്ഞു. രാവണനാണ് തലതിരിഞ്ഞവരാക്കി മാറ്റുന്നത്. പിന്നീട് നേരെയാക്കുന്നതിലൂടെ നിങ്ങൾ നിവർന്ന് നിൽക്കാൻ തുടങ്ങും. ഇത് ഒരു നാടകമാണ്. ഈ ജ്ഞാനം അച്ഛനാണ് ഇരുന്ന് പറഞ്ഞുതരുന്നത്. ഭക്തി ഭക്തിതന്നെയാണ്. ജ്ഞാനം ജ്ഞാനമാണ്. ഭക്തി തീർത്തും വേറെയാണ്. പറയുന്നു ഒരു കുളമുണ്ട്, അതിൽ കുളിക്കുന്നതിലൂടെ മാലാഖയായി മാറും. പിന്നീട് പറയുന്നു പാർവ്വതിയെ അമരകഥ കേൾപ്പിച്ചുവെന്ന്. ഇപ്പോൾ നിങ്ങൾ അമരകഥ കേട്ടുകൊണ്ടിരിക്കുകയല്ലേ. എന്താ കേവലം ഒരു പാർവ്വതിയെ മാത്രം അമരകഥ കേൾപ്പിക്കുമോ! ഇത് പരിധിയില്ലാത്ത കാര്യമാണ്. അമരലോകം സത്യയുഗവും മൃത്യുലോകം കലിയുഗവുമാണ്. ഇതിനെ മുൾക്കാടെന്നു പറയുന്നു. അച്ഛനെ അറിയുന്നതേയില്ല. വിളിക്കുന്നുണ്ട് അല്ലയോ ഭഗവാനേ പരമപിതാ പരമാത്മാവേ എന്ന്. പക്ഷേ അറിയുന്നില്ല. നിങ്ങൾക്കും അറിയില്ലായിരുന്നു നിങ്ങളെ അച്ഛൻ വന്ന് നേരെയാക്കി. ഭഗവാനെ അല്ലാഹു എന്ന് പറയുന്നു. അല്ലാഹു പഠിപ്പിച്ച് അല്ലാഹുവിന്റെ പദം നൽകുമല്ലോ. പക്ഷേ ഭഗവാൻ ഒന്നേയുള്ളൂ. ലക്ഷ്മീ നാരായണന്മാരെ ഭഗവാൻ ഭഗവതി എന്നു വിളിക്കില്ല. കാരണം ഇവർ പുനർജന്മത്തിൽ വരുന്നുണ്ടല്ലോ. ഞാൻ തന്നെയാണ് ഇവരെ പഠിപ്പിച്ച് ദൈവീക ഗുണങ്ങളുള്ളവരാക്കി മാറ്റിയത്.

നിങ്ങൾ എല്ലാവരും സഹോദരങ്ങളാണ്. അച്ഛന്റെ സമ്പത്തിന് അവകാശികളാണ്. മനുഷ്യരാണെങ്കിൽ ഘോരാന്ധകാരത്തിലാണ്. ആസുരീയ സമ്പ്രദായമല്ലേ. പറയുന്നു കലിയുഗം ഇപ്പോഴും ശിശുവായി മുട്ടിൽ ഇഴഞ്ഞുകൊണ്ടിരിക്കുകയാണ്, ഇനിയും അനേകം വർഷങ്ങൾ ബാക്കിയുണ്ട് എന്ന് കരുതുന്നു. എത്രത്തോളും അജ്ഞാന അന്ധകാരത്തിൽ ഉറങ്ങിക്കിടക്കുകയാണ്. ഇതും കളിയാണ്. പ്രകാശത്തിൽ ദുഃഖമുണ്ടാകില്ല, അന്ധകാരം നിറഞ്ഞ രാത്രിയിലാണ് ദുഃഖമുണ്ടാകുന്നത്. ഇതും നിങ്ങൾക്കേ മനസ്സിലാക്കാനും മനസ്സിലാക്കിക്കൊടുക്കാനും കഴിയൂ. ആദ്യമാദ്യം എല്ലാ മനുഷ്യർക്കും അച്ഛന്റെ പരിചയം നൽകണം. രണ്ട് അച്ഛന്മാർ എല്ലാവർക്കും ഉണ്ട്. പരിധിയുള്ള അച്ഛൻ പരിധിയുള്ള സുഖം നൽകുന്നു, പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത സുഖം നൽകുന്നു. ശിവരാത്രി ആഘോഷിക്കുന്നുണ്ട് അതിനാൽ തീർച്ചയായും അച്ഛൻ സ്വർഗ്ഗത്തിന്റെ സ്ഥാപനചെയ്യാൻ വരുന്നുണ്ട്. ഏത് സ്വർഗ്ഗമാണോ ഭൂതകാലത്തിലായത് അതിനെ വീണ്ടും സ്ഥാപിക്കുകയാണ്. ഇപ്പോഴാണെങ്കിൽ തമോപ്രധാനമായ ലോകം നരകമാണ്. ഡ്രാമാപ്ലാൻ അനുസരിച്ച് എപ്പോഴാണോ കൃത്യസമയമാകുന്നത് അപ്പോൾ ഞാൻ വീണ്ടും വന്ന് എന്റെ പാർട്ട് അഭിനയിക്കുന്നു. ഞാൻ നിരാകാരൻ തന്നെയാണ്. എനിക്ക് തീർച്ചയായും ഒരു മുഖം ആവശ്യമാണ്. കാളയുടെ മുഖമായിരിക്കില്ലല്ലോ. വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ വാനപ്രസ്ഥ അവസ്ഥയി

ലുള്ള ഇവരുടെ മുഖമാണ് ഞാൻ സ്വീകരിക്കുന്നത്. ഇവരിലാണ് പ്രവേശിക്കുന്നത്, ഇദ്ദേഹത്തിന് തന്റെ ജന്മങ്ങളെ അറിയുകയില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം:-

1) എങ്ങനെയാണോ ബാബ നേരിട്ട് ആത്മാക്കളോട് സംസാരിക്കുന്നത്, അതുപോലെ സ്വയം ആത്മാവാണെന്ന് നിശ്ചയിക്കണം. ഈ ശ്മശാനത്തിൽ നിന്നും മനസ്സിനെ മാറ്റണം. കർമ്മം കൊണ്ട് ഒരിയ്ക്കലും പശ്ചാത്തപിക്കാൻ ഇടനൽകാത്ത രീതിയിലുള്ള സംസ്ക്കാരത്തെ ധാരണ ചെയ്യണം.

2) എങ്ങനെയാണോ ബാബ ഡ്രാമയിൽ ഉറച്ചിരിക്കുന്നതിനാൽ ആരെയും ദോഷം പറയാത്തത്, ഗ്ലാനി ചെയ്ത അപകാരികൾക്കുപോലും ഉപകാരം ചെയ്യുന്നത്, അതുപോലെ ബാബയ്ക്കു സമാനമായി മാറണം. ഈ ഡ്രാമയിൽ ആർക്കും ദോഷമില്ല, ഇത് കൃത്യമായി ഉണ്ടാക്കിയതാണ്.

## വരദാനം:- ഓരോ ചുവടിലും വരദാതാവിൽ നിന്ന് വരദാനം പ്രാപ്തമാക്കി പരിശ്രമത്തിൽ നിന്ന് മുക്തമായി കഴിയുന്ന അധികാരി ആത്മാവായി ഭവിക്കൂ

ആരാണോ വരദാതാവിന്റെ തന്നെ കുട്ടികളായിട്ടുള്ളത് അവർക്ക് ഓരോ ചുവടിലും വരദാതാവിൽ നിന്ന് വരദാനം സ്വതവേ തന്നെ ലഭിക്കുന്നു. വരദാനം തന്നെയാണ് അവരുടെ പാലന. വരദാനങ്ങളുടെ പാലനയിലൂടെ പാലനയിലൂടെ തന്നെയാണ് വളരുന്നത്. പരിശ്രമമില്ലാതെ ഇത്രയും വലിയ പ്രാപ്തികൾ ഉണ്ടാകുക ഇതിനെ തന്നെയാണ് വരദാനമെന്ന് പറയുന്നത്. അങ്ങനെ ജന്മ-ജന്മം പ്രാപ്തികളുടെ അധികാരിയായി മാറി. ഓരോ ചുവടിലും വരദാതാവിന്റെ വരദാനം ലഭിച്ചുകൊണ്ടിരിക്കുന്നു, സദാ ലഭിച്ചുകൊണ്ടുമിരിക്കും. അധികാരി ആത്മാവിന് ദൃഷ്ടിയിലൂടെ, വാക്കിലൂടെ, സംബന്ധത്തിലൂടെ വരദാനം തന്നെ വരദാനമാണ്.

## സ്ലോഗൻ:- സമയത്തിന്റെ വേഗതയനുസരിച്ച് പുരുഷാർത്ഥത്തിന്റെ വേഗത തീവ്രമാക്കൂ.